**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5610** **08-07-2024 - ൽ മറുപടിയ്ക്ക്**

**പത്രപ്രവർത്തകർക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പത്ര ദൃശ്യമാധ്യമങ്ങളിൽ പ്രവർത്തിച്ചുവരുന്നവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവരും , പത്രപ്രവർത്തക ചട്ടപ്രകാരം യോഗ്യത നേടിയിട്ടുള്ളവരുമായ പത്ര-ദൃശ്യ മാധ്യമ പ്രവർത്തകർക്ക് സർവ്വീസ് കാലയളവ് തീരുന്ന മുറയ്ക്ക് പെൻഷൻ അനുവദിച്ച് വരുന്നു. പത്രപ്രവർത്തക പെൻഷൻവാങ്ങി വരുന്ന വ്യക്തി മരണപ്പെട്ടുകയാണെങ്കിൽ, നോമിനിക്ക് ആശ്രിത പെൻഷൻ നൽകി വരുന്നു. കൂടാതെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കുള്ള വിഹിതം, അക്രഡിറ്റഡ് മാധ്യമ പ്രവർത്തകർക്ക് സൌജന്യ കെ.എസ്.ആർ. ടി.സി ബസ് യാത്ര, സർക്കാർ അതിഥിമന്ദിരങ്ങളിൽ സൗജന്യ നിരക്ക്, ഹൗസിംഗ് സബ്സിഡി എന്നിവയും നൽകിവരുന്നു. |
| (ബി) | പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (സി) | പ്രാദേശിക മാധ്യമപ്രവർത്തകരെ സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്ന വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് ആക്ട് 2 D യിലെ സാംസ്കാരിക പ്രവർത്തകൻ എന്ന നിർവചനത്തിൽ പ്രാദേശിക മാധ്യമ പ്രവർത്തകർ എന്ന വിഭാഗം ഉൾപ്പെട്ടിട്ടില്ല. അതിനാൽ നിയമപരമായി പ്രാദേശിക മാധ്യമപ്രവർത്തകരെ സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ സാധിക്കില്ല. |

സെക്ഷൻ ഓഫീസർ